# പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്
## 2024-25 ലെ വാർഷിക പ്രവർത്തന റിപ്പോർട്ട്

**വകുപ്പ് മന്ത്രി : ശ്രീ. പിണറായി വിജയൻ**
**ബഹു. കേരള മുഖ്യമന്ത്രി**

**വകപ്പ് സെക്രട്ടറി : ഡോ.രത്തൻ.യു.കേൽക്കർ ഐ എ എസ്**
**( സെക്രട്ടറി)**
**(01.07.2023 മുതൽ 08.01.2025 വരെ)**

**ഡോ.കാർത്തികേയൻ ഐ എ എസ്**
**(സ്പെഷ്യൽ സെക്രട്ടറി)**
**(08.01.2025 മുതൽ 03.02.2025 വരെ)**

**ശ്രീ .മിർ മുഹമ്മദ് അലി ഐ എ എസ്**
**( സ്പെഷ്യൽ സെക്രട്ടറി)**
**( 13.02.2025 മുതൽ തുടരുന്നു)**

**ഡയറക്ടർ : ശ്രീ. സുനീൽ പമിടി, ഐ എഫ് എസ്**
**(02.07.2021 മുതൽ** തുടരുന്നു)

പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നതിന് സ.ഉ. **(കൈ) No.10/2006/**പൊ.ഭ.വ തീയതി **06.01.2006** പ്രകാരം ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിൽ നിന്ന് പരിസ്ഥിതി വകുപ്പ് രൂപീകരിച്ചു. തുടർന്ന് പരിസ്ഥിതി മാനേജ്മെന്റ് ഏജൻസി കേരള **(EMAK)** രൂപം കൊള്ളുകയും ഏജൻസിയുടെ ഡയറക്ടർ പരിസ്ഥിതി ഡയറക്ടറേറ്റ് എന്ന ആശയം നടപ്പിൽ വരുത്തുവാനായി പദ്ധതി രൂപരേഖ സമർപ്പിക്കുകയും ചെയ്തു. സർക്കാർ ഉത്തരവ് സ.ഉ **(കൈ) No.06/10/**പരി, തീയതി **18.12.2010** പ്രകാരം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് എന്ന പുതിയ ഡയറക്ടറേറ്റ് നിലവിൽ വരുകയും ചെയ്തു.

കേന്ദ്ര, സംസ്ഥാന പരിസ്ഥിതി വികസന, അവബോധന പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും കാലാവസ്ഥ വ്യതിയാന കർമ്മ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഡയറക്ടറേറ്റ് നടപടികൾ സ്വീകരിക്കുന്നു. പരിസ്ഥിതി സംബന്ധിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടറി അതോറിറ്റികളുടെ ഭരണ നിയന്ത്രണം, പരിസ്ഥിതി സംരക്ഷണ നിയമ പരിധിയിലുള്ള വിഷയങ്ങളിലെ അന്വേഷണവും അനുയോജ്യ പ്രവർത്തികളുടെ ആവിഷ്കരണവും, പരിസ്ഥിതി സംബന്ധിച്ച പദ്ധതികളുടെ വിലയിരുത്തൽ, ഏകോപനം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഡയറക്ടറേറ്റ് ചെയ്തു വരുന്നു.

**വകുപ്പ് ഘടന**

പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിന്റെ മേധാവി ഡയറക്ടർ ആകുന്നു. ഡയറക്ടർ ഉൾപ്പെടെ അംഗീകരിക്കപ്പെട്ട **20** തസ്തികകളാണുള്ളത്. പ്രസ്തുത തസ്തികകളിലായി **20** സ്ഥിരം ജീവനക്കാർ നിയമിക്കപ്പെട്ടിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| **1** | ഡയറക്ടർ | **1** |
| **2** | എൻവയോൺമെന്റ് പ്രോഗ്രാം മാനേജർ, | **1** |
| **3** | എൻവയോൺമെന്റൽ എഞ്ചിനിയർ | **1** |
| **4** | എൻവയോൺമെന്റൽ സയിന്റിസ്റ്റ് | **2** |
| **5** | എൻവയോൺമെന്റൽ ഓഫീസർ | **2** |
| **6** | അസിസ്റ്റന്റ് എൻവയോൺമെന്റൽ ഓഫീസർ | **2** |
| **7** | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | **1** |
| **8** | ഫിനാൻസ് ഓഫീസർ | **1** |
| **9** | ഹെഡ് അക്കൗണ്ടന്റ് | **1** |
| **10** | ക്ലാർക്ക് | **2** |
| **11** | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | **1** |
| **12** | എൽ.ഡി ടൈപ്പിസ്റ്റ് | **2** |
| | | |

| | | |
|---|---|---|
| 13 | ഡ്രൈവർ | 1 |
| 14 | ഓഫീസ് അറ്റൻഡന്റ് | 2 |

**ഘടനാപരമായ സ്ഥിതി**

അസിസ്റ്റന്റ് എൻവയോൺമെന്റൽ ഓഫീസർ, എൻവയോൺമെന്റൽ ഓഫീസർ, എൻവയോൺമെന്റൽ സയിന്റിസ്റ്റ്, എൻവയോൺമെന്റൽ എഞ്ചിനിയർ, എൻവയോൺമെന്റ് പ്രോഗ്രാം മാനേജർ, എന്നീ സാങ്കേതിക തസ്തികകളിൽ സ്ഥിരം ജീവനക്കാർ നിയമിക്കപ്പെട്ടിട്ടുണ്ട്. ഹെഡ് അക്കൗണ്ടന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ്, ഡ്രൈവർ, ഓഫീസ് അറ്റൻഡന്റ്, എന്നീ തസ്തികകളിലും സ്ഥിര നിയമനം ലഭിച്ച ജീവനക്കാരാണുള്ളത്. ആശ്രിത നിയമനങ്ങളൊന്നും ഈ വർഷം നടത്തിയിട്ടില്ല. ഈ വകുപ്പിൽ ഈ വർഷം വിരമിക്കുന്ന ജീവനക്കാർ ആരും തന്നെ ഇല്ല. കൂടാതെ ഈ വകുപ്പിൽ നിന്നും ഒരു ജീവനക്കാരെയും പിരിച്ചു വിടുകയോ നീക്കം ചെയ്യുകയോ ചെയ്തിട്ടില്ല.

**2024-25 സാമ്പത്തിക വർഷത്തിലെ പ്രവർത്തനങ്ങൾ**

2024-25 വർഷം ഈ വകുപ്പിന് വിവിധ ഇനങ്ങളിലായി ലഭിച്ച സംസ്ഥാന പദ്ധതികളുടെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും ബജറ്റ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ശീർഷകം | രൂപ (ലക്ഷത്തിൽ) | പ്രയോറട്ടൈസ് ചെയ്ത തുക (ലക്ഷത്തിൽ) | അധിക ധനാനുമതി ലഭിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | 3435-03-102-89 - പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ | 50 | 27 | - | 24.47509 |
| 2 | 3435-03-003-98 - പരിസ്ഥിതി അവബോധ നവും പ്രോത്സാഹനവും | 120 | 38.09 | - | 38.08722 |
| 3 | 3435-03-103-99 - പരിസ്ഥിതി ഗവേഷണവും വികസനവും | 200 | 80 | | 90.69758 |
| 4 | 3435-04-104-99 - പരിസ്ഥിതി ആഘാതം വിലയിരുത്തൽ | 160 | - | 20 | 180 |
| 5 | 3435-04-104-98 - കാലാവസ്ഥാ | 192 | 17 | - | 38.41453 |

| | | | | | |
|---|---|---|---|---|---|
| | വ്യതിയാനം | | | | |
| 6 | 3435-03-102-87-കേരള തീരദേശ പരിപാലന അതോറിറ്റി | 120 | - | | 120 |
| 7 | 343503-103-97 കാലാവസ്ഥ അന ുരൂപ കൃഷി രീതി | 30 | 12 | | 10.09360 |
| 8 | 3435-03-101-89- സംസ്ഥാന തണ്ണീ ർത്തട അതോറിറ്റി കേരള | 150 | 27 | | 21 |
| 9 | 3435-03-101-87- (2) സംസ്ഥാന ത ണ്ണീർത്തട അതോറിറ്റി കേരള | 40 | - | | - |
| | ആകെ | 1062 | | | 522.75662 |

**2024-25 സാമ്പത്തിക വർഷത്തിലെ പ്രവർത്തനങ്ങൾ**

2024-25 വർഷം ഈ വകുപ്പിന് വിവിധ ഇനങ്ങളിലായി ലഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബജറ്റ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ശീർഷകം | ഇനം | കേന്ദ്ര വിഹിതം **(ലക്ഷത്തിൽ)** |
|---|---|---|---|
| 1 | 3435-03-101-87(2)- സംസ്ഥാന തണ്ണീർത്തട അതോറിറ്റി | സംസ്ഥാന വിഹിതം | 60 |
| | | ഭരണാനുമതി ലഭിച്ച തുക | |

1. **3435-03-102-89 പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ : 50 ലക്ഷം രൂപ**

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രായോഗക്ഷമത വിലയിരുത്തുന്നതിലും ഇവയെ സമൂഹവുമായും വിദ്യാഭ്യാസ ശാസ്ത്രമേഖലകളുമായും കൂട്ടിയോജിപ്പിച്ച് പ്രസക്തമായ പരിസ്ഥിതി സംരക്ഷണ പദ്ധതിയുടെ രൂപരേഖ വികസിപ്പിച്ചെടുക്കുന്നതിലുമാണ് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഊന്നൽ നല്കുന്നത്.

ഈ കാര്യാലയത്തിലെ പദ്ധതികളുടെ രൂപീകരണത്തിനും ഏകോപനത്തിനും നടത്തിപ്പിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള ഭരണപരമായ ചെലവുകൾക്കും ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രസ്തുത ശീർഷകത്തിൽ നിന്നും തുക വിനിയോഗിച്ചു. **2024-25** സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബജറ്റ്

വിഹിതമായി **50** ലക്ഷം രൂപ അനുവദിച്ചിരുന്നെങ്കിലും **G.O(Ms).No.5/2024/ENVT** തീയതി **19.12.2024** പ്രകാരം ടി ശീർഷകത്തിലെ തുക **27** ലക്ഷം രൂപയായി പ്രയോറട്ടൈസ് ചെയ്തിരുന്നു. ആകെ **27** ലക്ഷം രൂപയിൽ നിന്നും **24.47509** ലക്ഷം രൂപ ചെലവഴിച്ച് **90.65%** പദ്ധതിനേട്ടം കൈവരിച്ചിട്ടുണ്ട്.

2. **<u>3435-03-003-98 പരിസ്ഥിതി അവബോധനവും വിദ്യാഭ്യാസവും: 120 ലക്ഷം രൂപ</u>**

പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിരവികസനം സാധ്യമാക്കുന്നതിന് പരിസ്ഥിതി അവബോധം അത്യന്താപേക്ഷിതമാണ്. ആയത് കൈവരിക്കുന്നതിന് വിദ്യാഭ്യാസ പരിപാടികളും, അവബോധന പ്രവർത്തനങ്ങളും പ്രധാന ഉപാധികളായി മാറിയിരിക്കുന്നു. സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടു മുതൽ ഉന്നത തലം വരെയുള്ള വിഭാഗത്തെ പ്രബുദ്ധരാക്കിയാൽ മാത്രമേ സുസ്ഥിര വികസനം സാധ്യമാകൂ. പരിശീലന പരിപാടികൾ, ശില്പശാലകൾ, പരിസ്ഥിതി സംബന്ധിയായ ഡോക്യുമെന്ററികൾ, ചിത്രപ്രദർശനം, പരിസ്ഥിതി പ്രാധാന്യമുള്ള ദിനാചരണങ്ങൾ, പരിസ്ഥിതി ക്ലബ്ബുകൾ എന്നിവയിലൂടെ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളെക്കുറിച്ച് സമൂഹത്തെ പ്രബുദ്ധരാക്കാം.

**2024** ജൂൺ **5** - ന് ലോകപരിസ്ഥിതിദിനത്തിന്റെ സംസ്ഥാനതല ആചരണചടങ്ങുകൾ വിപുലമായ രീതിയിൽ സംഘടിപ്പിക്കുകയും പ്രസ്തുത ചടങ്ങിൽ സംസ്ഥാനത്ത് പരിസ്ഥിതിസംരക്ഷണരംഗത്ത് സ്തുത്യർഹമായ പ്രവർത്തനങ്ങൾ കാഴ്ച്ചവച്ച വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കുമുള്ള സംസ്ഥാന പരിസ്ഥിതിമിത്രം പുരസ്കാരവിതരണം ബഹു. മുഖ്യമന്ത്രി നിർവഹിക്കുകയും ചെയ്തു.

വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം വളർത്തിയെടുക്കുന്നതിനായി സംസ്ഥാനത്തെ വിവിധ ഹയർ സെക്കന്ററി സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ ഭൂമിത്രസേന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. **2024-25** സാമ്പത്തിക വർഷത്തിൽ പുതുതായി **16** ഭൂമിതസേന ക്ലബ്ബുകൾ രൂപികരിച്ചു. മുൻ വർഷത്തെ പ്രവർത്തനറിപോർട്ടുകൾ തൃപ്തികരമായി സമർപ്പിച്ച **116** ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി വാർഷിക ആവർത്തന മൂലധനം നൽകുന്നതിന് തിരഞ്ഞെടുത്തു. അവയിൽ നിന്നു ദക്ഷിണ, മധ്യ, ഉത്തര മേഖലകളിൽ ഹയർ സെക്കണ്ടറി തലത്തിലും കോളേജ് തലത്തിലും മികച്ച പ്രവർത്തനം കാഴ്ച വച്ച **6** ക്ലബുകളെ പുരസ്കാരത്തിനായി തിരഞ്ഞെടുത്തു. നിർജീവമായ ഇരുപതോളം ക്ലബ്ബുകളെ പുനരുജ്ജീവിപ്പിച്ചു.

'മാലിന്യമുക്തം നവകേരളം' ക്യാമ്പയിനിൻ്റെ ഭാഗമായി പരിസ്ഥിതി വകുപ്പ് ഡയറക്ടറേറ്റും തദ്ദേശ സ്വയംഭരണ വകുപ്പും, ശുചിത്വ മിഷനും സംയുക്തമായി ഭൂമിത്രസേന ക്ലബുകൾ മുഖേന സംസ്ഥാന വ്യാപകമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്മ്യൂണിറ്റി തല അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഓഡിറ്റിംഗ് നടത്തി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി **108** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ **123** മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ [മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റീസ് (എംസിഎഫ്), മെറ്റീരിയൽ റിക്കവറി ഫസിലിറ്റീസ് (എംആർഎഫ്), റിസോഴ്സ് റിക്കവറി ഫസിലിറ്റീസ് (ആർആർഎഫ്)] ഓഡിറ്റിംഗ് നടത്തി. കമ്മ്യൂണിറ്റിതല സംവിധാനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ, പൊതുവായ ശുചിത്വം, അഗ്നി സുരക്ഷാ സംവിധാനങ്ങൾ, ഹരിത കർമ്മ സേനാംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ള സൗകര്യങ്ങൾ, ഹരിതമിത്രം ആപ്ലിക്കേഷന്റെ ഉപയോഗം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനു ആവശ്യമായ

നിർദേശങ്ങൾ എന്നിവയാണ് ഓഡിറ്റിംഗിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ശേഖരിച്ച വിവരങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ചു പ്രസിദ്ധീകരിക്കുന്നതിന്റെ തയ്യാറെടുപ്പുകൾ ചെയ്തു വരുന്നു. കൂടാതെ കേരളനിയമസഭയും, ഡി.ഒ.ഇ.സി.സിയും, യൂണിസെഫും സംയുക്തമായി കുട്ടികൾക്കും യുവാക്കൾക്കുമായി നടപ്പിലാക്കിയിട്ടുള്ള സംസ്ഥാന കാലാവസ്ഥാ വേദിയിലേക്ക് ഭൂമിത്രസേന ക്ലബ് വിദ്യാർത്ഥി അംഗങ്ങളെ നാമനിർദ്ദേശം ചെയ്തു.

ഡയറക്ടറേറ്റും കേരള നിയമസഭ മീഡിയ & പാർലമെൻ്ററി സ്റ്റഡി സെൻററും, യൂണിസെഫും ചേർന്ന് കേരള നിയമസഭയിൽ വച്ച് **'നിയമസഭാ സാമാജികർക്കായുള്ള കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച സംവേദനാത്മക സെഷൻ - 2024'** സംഘടിപ്പിച്ചു.

**2024-25** സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി **120** ലക്ഷം രൂപ അനുവദിച്ചിരുന്നെങ്കിലും **G.O(Ms).No.5/2024/ENVT** തീയതി **19.12.2024** പ്രകാരം ടി ശീർഷകത്തിലെ തുക **38.09** ലക്ഷം രൂപയായി പ്രയോറട്ടൈസ് ചെയ്തിരുന്നു. ആകെ **38.09** ലക്ഷം രൂപയിൽ നിന്നും 38.08722 ലക്ഷം രൂപ ചെലവഴിച്ച് **99.99 %** പദ്ധതിനേട്ടം കൈവരിച്ചിട്ടുണ്ട്.

3. <u>**3435-03-103-99:** പരിസ്ഥിതി ഗവേഷണവും വികസനവും-**200** ലക്ഷം രൂപ</u>

–

പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ഗവേഷണ പരിപാടികൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ലഭ്യമാകുന്ന ഗവേഷണ പ്രോജക്ടുകൾ സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള ഒരു വിദഗ്ദ്ധ സമിതി വിലയിരുത്തിയശേഷമാണ് അവയ്ക്ക് വേണ്ട സാമ്പത്തിക സഹായം നല്കി വരുന്നത്. **2024-25** സാമ്പത്തിക വർഷത്തിൽ തുടർന്നു വരുന്ന ഗവേഷണ പദ്ധതികൾ ക്കായി തുടർ ധനസഹായം നൽകിയിട്ടുണ്ട്. തെരെഞ്ഞെടുത്ത ഗവേഷക വിദ്യാർത്ഥികൾക്കും പരിസ്ഥിതി പോഷിണി ഫെല്ലോഷിപ്പ് നല്കി വരുന്നു. ഗവേഷണവും വികസനവും ശീർഷകത്തിൻ കീഴിൽ 8 പദ്ധതികൾ പൂർത്തീകരിച്ചു. ടി ശീർഷകത്തിൻ കീഴിൽ 6 പരിസ്ഥിതിപോഷിണി ഫെല്ലോഷിപ്പും 12 വിദ്യാപോഷിണി ഫെല്ലോഷിപ്പും നൽകിവരുന്നു. പുതിയതായി 4 പേരെ പരിസ്ഥിതിപോഷിണി ഫെല്ലോഷിപ്പ് നൽകാനായി തെരെഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിൽ സർക്കാരിന്റെ നയരൂപീകരണത്തിനുതകുന്ന വിധത്തിൽ GIS സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് ശാസ്ത്രീയ വിവര ശേഖരണത്തിനും വിശകലനത്തിനും സഹായകരമാകുന്നതിനായി ഡയറക്ടറേറ്റിൽ ഒരു **Geospatial Laboratory** പ്രവർത്തിച്ചു വരുന്നു.

**2024-25** സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി **200** ലക്ഷം രൂപ അനുവദിച്ചിരുന്നു. **19.12.2024** തീയതി **G.O(Ms).No.5/2024/ENVT** പ്രകാരം ടി ശീർഷകത്തിലെ തുക **80** ലക്ഷം രൂപയായി പ്രയോറട്ടൈസ് ചെയ്തു. Prioritization ഉത്തരവ് പുറപ്പെടുവിക്കുന്നത് 19.12.2024 ലാണ്. പ്രസ്തുത തീയതിയിൽ തന്നെ 88,77,199/-രൂപയുടെ ചെലവ് വന്നിട്ടുണ്ട്. തുടർന്ന് **GIS Specialist** ന്റെ 2 മാസത്തെ സാലറിയും 10 ഓളം പേർക്ക് വിദ്യാപോഷിണി ഫെല്ലോഷിപ്പും അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ **90.69758** ലക്ഷം രൂപ ചെലവഴിച്ച് 113 % പദ്ധതിനേട്ടം കൈവരിച്ചിട്ടുണ്ട്.

4. <u>**3435-04-104-99** പരിസ്ഥിതി ആഘാതം വിലയിരുത്തൽ -**160** ലക്ഷം രൂപ</u>

പരിസ്ഥിതിയും വികസനവും പരസ്പര പൂരകങ്ങളാകയാൽ രണ്ടും കോർത്തിണക്കി കൊണ്ടുള്ള സുസ്ഥിര വികസനത്തിനാണ് പ്രാധാന്യം നൽകേണ്ടത്. അതിനാൽ വികസന പദ്ധതികളിൽ ഒഴിച്ചു കൂടാനാവാത്ത ഉപാധിയാണ് പരിസ്ഥിതി ആഘാതം വിലയിരുത്തൽ. അതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള **State Environment Impact Assessment Authority (SEIAA)** യുടേയും വിദഗ്ധ വിലയിരുത്തൽ സമിതിയായ **State Expert Assessment Authority (SEAC)** യുടേയും പ്രവർത്തനത്തിനു വേണ്ടിയാണ് ഈ ഫണ്ട് പ്രധാനമായും ഉപയോഗിക്കുന്നത്.

**2024-25** സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി അനുവദിച്ച **160** ലക്ഷം രൂപ കൂടാതെ അധിക ധനാനുമതി മുഖേന **2 0** ലക്ഷം രൂപ അനുവദിച്ചിരുന്നു. മുൻവർഷത്തെ ബാക്കിയായ **6,33,786/-** രൂപയും ചേർത്ത് ആകെ ഫണ്ടായ **1,86,33,786/-** രൂപയിൽ **1,86,32,681/-** രൂപയും ചെലവഴിച്ച് **99.99%** നേട്ടം കൈവരിക്കാനായിട്ടുണ്ട്. സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ ഭരണപരമായ പ്രവർത്തനങ്ങൾക്കായാണ് പ്രസ്തുത തുക മുഖ്യമായും വിനിയോഗിച്ചിട്ടുള്ളത്.

5. <u>**3435-04-104-98** കാലാവസ്ഥാ വ്യതിയാനം **-192** ലക്ഷം രൂപ</u>

ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെട്ടിരുന്ന കാലാവസ്ഥവ്യതിയാനം എന്ന വിഷയത്തിന്റെ സ്വാധീനവും ഭവിഷ്യത്തുകളും പ്രാദേശികമായി പ്രകടമായി ക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ ആയത് മൂലമുള്ള ആഘാതത്തെ ലഘൂകരിക്കാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് അനിവാര്യമായി തീർന്നിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനത്തിന്റെ തിക്തഫലങ്ങൾ സമൂഹസ്ഥിതിയിലും, പരിസ്ഥിതിയിലും സമ്പദ്ഘടനയിലും ഉണ്ടാക്കുന്ന മാറ്റങ്ങളും പ്രശ്നങ്ങളും വിപത്തുകളും മനസ്സിലാക്കി ആ വിപത്തുകളോട് സമരസപ്പെട്ട് മുന്നോട്ട് പോകുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മാർഗ്ഗരേഖക്കനുസൃതമായി **2023-30** കാലയളവിലേക്കുള്ള പുതുക്കിയ സംസ്ഥാന കാലാവസ്ഥ വ്യതിയാന കർമ്മ പരിപ്രേഷ്യം (**SAPCC 2.0**) തയാറാക്കി. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന്റെ കാലാവസ്ഥാ വ്യതിയാനം ശീർഷകത്തിൻ കീഴിൽ **5** പദ്ധതികൾ പൂർത്തീകരിച്ചു. ടി ശീർഷകത്തിൻ കീഴിൽ നിലവിൽ **4 Ujjwal Post Doctoral Fellowship** നൽകിവരുന്നു. അതിനോടൊപ്പം കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് തുടർന്നുപോരുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി **2024-25** സാമ്പത്തിക വർഷത്തിൽ തുടർ ധനസഹായം നൽകിയിട്ടുണ്ട്

**2024-25** സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി **192** ലക്ഷം രൂപ അനുവദിച്ചിരുന്നെങ്കിലും **G.O(Ms).No.5/2024/ENVT** തീയതി **19.12.2024** പ്രകാരം ടി ശീർഷകത്തിലെ തുക **17** ലക്ഷം രൂപയായി പ്രയോറട്ടൈസ് ചെയ്തിരുന്നു. എന്നാൽ ടി ശീർഷകത്തിൽ അത്യാവശ്യ ചെലവ് വന്നതിനാൽ സ.ഉ (സാധാ) നം.23/2025/പരി തീയതി **04.03.2025** പ്രകാരം അധിക ധനാനുമതിയായി **23.51083** ലക്ഷം രൂപ ടി ശീർഷകത്തിൽ അനുവദിച്ചിരുന്നു. ആകെ **40.51083** ലക്ഷം രൂപയിൽ നിന്നും **38.41453** ലക്ഷം രൂപ ചെലവഴിച്ച് **94.83 %** പദ്ധതിനേട്ടം കൈവരിച്ചിട്ടുണ്ട്

6. <u>**3435-03-102-87:** കേരള തീരദേശ പരിപാലന അതോറിറ്റി **: 120** ലക്ഷം രൂപ</u>

–

**1986**-ലെ പരിസ്ഥിതി സംരക്ഷണ നിയമ പ്രകാരം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം രൂപീകരിച്ച സ്വതന്ത്ര അതോറിറ്റിയാണ് കേരള തീരദേശ പരിപാലന അതോറിറ്റി. തീരദേശ പരിപാലന നിയമത്തിനു കീഴിൽ വരുന്ന കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളുടെ തീർപ്പുകൽപിക്കൽ, പരാതികളും നിയമ ലംഘനങ്ങളും പരിശോധിച്ച് തീരുമാനമെടുക്കൽ തീരദേശ മേഖലയിലെ പരിസ്ഥിതി ലോല പ്രദേശങ്ങൾ പരിപാലിക്കുക തുടങ്ങിയവയാണ് ഈ അതോറിറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ

**2024-25** സാമ്പത്തിക വർഷത്തിൽ അതോറിറ്റിയുടെ ദൈനംദിന ചെലവുകൾക്കു പുറമെ ജില്ലാതല കമ്മിറ്റികളുടെ ശക്തിപ്പെടുത്തലിനുവേണ്ടിയും സുപ്രീംകോടതി, ഹൈക്കോടതി, ദേശീയ ഹരിത ട്രൈബ്യൂണൽ എന്നിവയിലെ സ്റ്റാൻഡിംഗ് കൗൺസിലിൻ്റെ ഫീസും കേരള തീരദേശ പരിപാലന അതോറിറ്റിയുടെ മീറ്റിംഗുകൾക്കും സ്ഥല പരിശോധന നടത്തുന്നതിനുവേണ്ടിയും തീരദേശ പ്രദേശത്തിൻ്റെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനും വേണ്ട കർമ്മപദ്ധതികൾക്കും മറ്റ് ഭരണപരമായ ചെലവുകൾക്കും IIMP തയ്യാറാക്കുക തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് ഈ ഫണ്ട് പ്രധാനമായും ഉപയോഗിച്ചത്.

18.01.2019 G.S.R. 37(E) നമ്പർ പ്രകാരം 2019 ലെ സി.ആർ.ഇസഡ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം തയ്യാറാക്കിയ 2019 തീരദേശ പ്ലാനിന് 16.10.2024 തീയതിയിലെ F.No. 1A3-12/7/2021-IA.III (E 153017) നമ്പർ കത്ത് പ്രകാരം കേന്ദ്ര സർക്കാരിൻ്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിൻ്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരമുള്ള ഇളവുകൾ സംസ്ഥാനത്തിനു ലഭിച്ചിട്ടുണ്ട്.

2011 ലെ ജനസംഖ്യ സാന്ദ്രത കണക്കിലെടുത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 2161 പേരോ അതിൽകൂടുതലോ ഉള്ള വികസിത പ്രദേശങ്ങളെ സി.ആർ.ഇസഡ് III A എന്ന വിഭാഗത്തിലും അതിൽ കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളെ സി.ആർ. ഇസഡ് III B വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. സി.ആർ.ഇസഡ് III A യിൽ കടലിൻ്റെ വേലിയേറ്റ നിരയിൽ നിന്ന് 50 മീറ്റർ വരെ വികസന നിരോധന മേഖലയായി കുറച്ചിട്ടുണ്ട്. എന്നാൽ സി.ആർ. ഇസഡ് III B കടലിൻ്റെ വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്റർ വരെ വികസന രഹിത മേഖലയായി തുടരും. ഉൾനാടൻ ജലാശയങ്ങളുടെ (സി.ആർ.ഇസഡ് III വിഭാഗത്തിലെ) വേലിയേറ്റ രേഖയിൽ നിന്നുള്ള ദൂരപരിധി 100 മീറ്ററിൽ നിന്ന് 5 0 മീറ്റർ വരെയായി കുറയ്ക്കുകയും പ്രസ്തുത 5 0 മീറ്റർ വരെയോ ജലാശയത്തിൻ്റെ വീതിയോ, കരയിലേയിക്കുള്ള പ്രദേശങ്ങളോ ഏതാണ് കുറവ് അതും വികസന രഹിത മേഖലയാണ്. തുറമുഖത്തിൻ്റെ ഭാഗമായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ പ്രവർത്തനരഹിത മേഖല ബാധകമല്ല.

കേരളത്തിലെ 6 6 ഗ്രാമപഞ്ചായത്തുകളെ സി. ആർ. ഇസഡ് III യിൽ നിന്ന് CRZ II ലേയ്ക്ക് തരം മാറ്റിയിട്ടുണ്ട്. കൂടാതെ 3 7 ഗ്രാമപഞ്ചായത്തുകളെ CRZ III A യിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പഞ്ചായത്തുകൾക്ക് 2019 സി ആർ ഇസഡ് വിജ്ഞാപനത്തിലെ ഇളവുകൾ ലഭിക്കുന്നതാണ്. സംസ്ഥാന സർക്കാർ ശിപാർശ ചെയ്ത 175 ഗ്രാമപഞ്ചായത്തു കളിൽ നിന്നും 66 ഗ്രാമപഞ്ചായത്തുകളെയാണ് CRZ II ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബാക്കി വരുന്ന 109 ഗ്രാമപഞ്ചായത്തുകൾ CRZ 11 ഉൾപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം **26.11.2021** ലെ **SO** നമ്പർ **4886 (E)** നമ്പറായി പുറപ്പെടുവിച്ച ഭേദഗതി പ്രകാരം **1991** ന് മുമ്പ് നിർമ്മിച്ചിട്ടുള്ള ബണ്ടുകളുണ്ടെങ്കിൽ പൊക്കാളി / കൈപ്പാട് പാടങ്ങളുടെ ബണ്ട്/സൂയിസ് ഗേറ്റുകളുടെ **HTL** ന്റെ അതിർത്തിയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

**2019 CRZ** വിജ്ഞാപന പ്രകാരം **1000** ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണ മുള്ള സർക്കാരിന്‍്റെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റും മാത്രമാണ് **50** മീറ്റർ ബഫർ ഡീമാർക്കേറ്റ് ചെയ്തിട്ടുള്ളത് കൂടാതെ **2019** തീരദേശ പരിപാലന പ്ലാനിൽ സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്യുന്നതിനുള്ള ആവശ്യമായ മാറ്റങ്ങൾ തീരദേശ പരിപാലന പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**2011** സി.ആർ.ഇസഡ് വിജ്ഞാപനം അനുസരിച്ച് ദ്വീപുകളുടെ ദൂരപരിധി **50** മീറ്ററായി പരമിതപ്പെടുത്തുകയും തുടർന്ന് **2019** സി ആർ ഇസഡ് വിജ്ഞാപനം പുറപ്പെടുവിച്ച പ്രകാരം ഐലൻ്‍റിൻ്‍റെ ദൂരപരിധി **50** മീറ്ററിൽ നിന്നും **20** മീറ്ററായി കുറച്ചിട്ടുണ്ട്. എന്നാൽ ഇൻ്‍റഗ്രേറ്റഡ് ഐലൻ്‍റ് മാനേജ്മെൻ്‍റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന്‍്റെ അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് മാത്രമെ ടി ഇളവ് സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ പ്രസ്തുത ഇൻ്‍റഗ്രേറ്റഡ് ഐലന്റ് മാനേജ്മെൻ്‍റ് പ്ലാൻ തയ്യാറാക്കുന്നത് ചെന്നൈയിലെ **National Centre for Sustainable Coastal Management (NCSCM)** എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ്. **National Centre for Sustainable Coastal Management** പ്രസ്തുത പ്ലാൻ തയ്യാറാക്കി വരികയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് **300m**$^2$ വിസ്തീർണം വരെയുള്ള വാസഗൃഹ നിർമ്മാണങ്ങളുടെ അനുമതി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം **06.12.2024** തീയിതിയിലെ **3149/എ1/2024/KCZMA** നമ്പർ നടപടിക്രമം പ്രകാരം എല്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഇതിനോടകം തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നടപടിക്രമം പ്രകാരം ലഭിക്കുന്ന വാസഗൃഹ നിർമ്മാണങ്ങളുടെ അപേക്ഷകൾക്ക് പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന് ദുരന്ത നിവാരണ നിയമങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചു കൊണ്ടും പൊതുശുചിത്വ മാലിന്യ സംസ്കരണം ഉറപ്പു വരുത്തിക്കൊണ്ടും **07.01.2020** തീയിതിയിലെ മത്സ്യബന്ധന തുറമുഖ വകുപ്പിൻ്‍റെ **13/2020/**മ.തു.വ നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായും വികസന നിഷിദ്ധ മേഖലയിൽ (വേലിയേറ്റ രേഖയിൽ നിന്നും **200** മീറ്റർ ദൂരപരിധി വരെ) വാസഗൃഹങ്ങൾക്ക് അനുമതി ലഭിക്കുന്നതുമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹം അനുമതി കൂടാതെ നിർമ്മിച്ച വാസഗൃഹങ്ങളുടെ ക്രമവൽക്കരണത്തിനും (മാനദണ്ഡങ്ങൾക്ക് വിധേയമായി നിർമ്മിച്ച പുതിയ നിയമത്തിൽ പ്രൊവിഷൻ ഉണ്ട്) **2019** തീരദേശ പരിപാലന പ്ലാൻ സംസ്ഥാനത്ത് നടപ്പിലാക്കിയതിലൂടെ തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കും മറ്റ് വിഭാഗകാർക്കും പ്രയോജനകരമാം വിധത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഇളവ് ലഭിച്ചതിലൂടെ സംസ്ഥാനത്ത് നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്

**2024-25** സാമ്പത്തിക വർഷത്തിൽ **120** ലക്ഷം രൂപയുടെ ബജറ്റ് വിഹിതമാണ് ഉണ്ടായിരുന്നത്. **2023-24** സാമ്പത്തിക വർഷത്തെ നീക്കിയിരുപ്പ് **10** ലക്ഷം രൂപയും **IIMP**

തയ്യാറാക്കുന്നതിനായി അനുവദിച്ച **75** ലക്ഷം രൂപയും ഉൾപ്പെടെ ആകെ **130** ലക്ഷം രൂപ അനുവദിച്ചതിൽ **1,20,75,655** രൂപ ചെലവഴിച്ച് **92.88%** നേട്ടം കൈവരിക്കാനായിട്ടുണ്ട്.

7. **<u>3435-03-103-97 (കാലാവസ്ഥാ അനുരൂപ കൃഷി രീതി) : 30 ലക്ഷം രൂപ</u>**

–

കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്തെ കാർഷിക മേഖലയിൽ സൃഷ്ടിക്കുന്ന ആഘാതം ലഘൂകരിക്കുന്നതിനുതകുന്ന പദ്ധതികളാണ് "കാലാവസ്ഥാ അനുരൂപ കൃഷി രീതികൾ" എന്ന ശീർഷകത്തിന് കീഴിൽ നടന്നുവരുന്നത്. കാലാവസ്ഥാവ്യതിയാനത്തിന് അനുരൂപമായ കൃഷിരീതികൾ വികസിപ്പിക്കുന്നതിനും, കാലാവസ്ഥാവ്യതിയാനത്തെ അതിജീവിക്കുന്ന വിളയിനങ്ങളുടെ സംരക്ഷണത്തിനും ഉതകുന്ന ഗവേഷണ പദ്ധതികൾ കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കുന്ന കാർഷിക സാങ്കേതിക വിദ്യകൾ വികസിപ്പിച്ചു, ആയതിൽ കർഷകർക്ക് പരിശീലനം നൽകി. സംസ്ഥാനത്ത് പഴവർഗ്ഗ കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള സർക്കാർ നയത്തിന് അനുസൃതമായി പാലക്കാട് ജില്ലയിലെ കാലാവസ്ഥ വ്യതിയാനം രൂക്ഷമായി ബാധിച്ച മുതലമടയിലെ മാമ്പഴ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരകാർഷിക രീതികൾ അവലംബിച്ചുകൊണ്ടു ജീവനോപാധി ഉറപ്പുവരുത്തുന്നതിനും കർഷകരെ പരിശീലിപ്പിച്ച ഒരു പദ്ധതി പൂർത്തിയാക്കി.

**2024-25** സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി **30** ലക്ഷം രൂപ അനുവദിച്ചിരുന്നെങ്കിലും **G.O(Ms).No.5/2024/ENVT** തീയതി **19.12.2024** പ്രകാരം ടി ശീർഷകത്തിലെ തുക **12** ലക്ഷം രൂപയായി പ്രയോറൈറ്റൈസ് ചെയ്തിരുന്നു. ആകെ **12** ലക്ഷം രൂപയിൽ നിന്നും **10.09** ലക്ഷം രൂപ ചെലവഴിച്ച് **84.08%** പദ്ധതിനേട്ടം കൈവരിച്ചിട്ടുണ്ട്.

8. **<u>3435-03-101-89-കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി: 150 ലക്ഷം രൂപ</u>**

തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി പരിസ്ഥിതി സംരക്ഷണ നിയമം, **1986** കീഴിൽ, തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ, **2017** സെക്ഷൻ **5(1)** പ്രകാരം, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും എന്ന പോലെ നമ്മുടെ സംസ്ഥാനത്തും **G.O. (Ms.) No.14/2017/Envt. dtd. 28-12-2017** എന്ന സർക്കാർ ഉത്തരവിലൂടെ കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി (**SWAK**) നിലവിൽ വന്നു.

കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾ, തണ്ണീർത്തടം കേന്ദ്രീകരിച്ചുള്ള സുസ്ഥിര വിനോദ സഞ്ചാര പ്രവർത്തനങ്ങൾ, നൈപുണ്യ വികസനം, സുസ്ഥിര തണ്ണീർത്തട കാർഷിക പ്രവർത്തനങ്ങൾ, സാമുദ്രിക പ്രവർത്തനങ്ങളും കായൽ പ്രവർത്തനങ്ങളും നിലനിർത്തുന്ന ജല സംയോജനം സാധ്യമാക്കൽ, തനത് പരിസ്ഥിതി നിലനിർത്തുന്ന പദ്ധതികൾ, പാരിസ്ഥിതിക ഘടകങ്ങളിലുണ്ടാകുന്ന വ്യതിയാനങ്ങൾ നിരീക്ഷിച്ച് വിലയിരുത്തൽ, തണ്ണീർത്തടങ്ങളുടെ ആരോഗ്യ സംരക്ഷണം വിലയിരുത്തുക ലക്ഷ്യമിട്ടുകൊണ്ട് **CWRDM** മായി ചേർന്ന് **3** മാസത്തിലൊന്ന് എന്ന നിലയിൽ റാംസർ തണ്ണീർത്തടങ്ങളുടെ ആവാസവ്യവസ്ഥാഗുണനിലവാര പരിശോധന, വിവിധ ലൈൻ വകുപ്പുകൾ വഴി സംയോജിത മാനേജ്മെന്റ് പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ സംയോജനത്തിനുള്ള സംവിധാനങ്ങൾ തിരിച്ചറിഞ്ഞു നടപ്പിലാക്കൽ, തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും സുസ്ഥിര പരിപാലനത്തിനും ആവശ്യമായ നിർദ്ദേശങ്ങൾ അതത് നിർവ്വഹണ ഏജൻസികൾക്ക് നൽകുക, തണ്ണീർത്തടങ്ങളുടെ

മൂല്യങ്ങളെയും പ്രവർത്തനങ്ങളെയും കുറിച്ച് പങ്കാളികളിലും പ്രാദേശിക സമൂഹങ്ങളിലും അവബോധം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, സ്വമേധയാ അല്ലെങ്കിൽ സംസ്ഥാന സർക്കാർ ഭരണകൂടം പരാമർശിക്കുന്ന മറ്റേതെങ്കിലും കാര്യത്തിൽ ഉപദേശം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി നടത്തി വരുന്നു.

**2024-25** സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ **1 5 0** ലക്ഷം രൂപയും മുൻ സാമ്പത്തിക വർഷാവസാനം നീക്കിയിരിപ്പു തുകയായ **10** ലക്ഷം രൂപയും ചേർത്ത് ആകെ **160** ലക്ഷത്തിൽ നിന്നും **29,02,035/-** രൂപ ചെലവഴിച്ചിട്ടുണ്ട്.

9. **3435-03-101-87-കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി (60% Central Share + 40% State Share): 150 ലക്ഷം രൂപ**

വേമ്പനാട്-കോൾ തണ്ണീർത്തടത്തിന്റെ കരട് സംയോജിത മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി അതോറിറ്റി യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു, **Wetlands International South Asia, SWAK** ടീമുമായി ചേർന്ന് അഷ്ടമുടി തണ്ണീർത്തടത്തിന്റെ മാനേജ്മെന്റ് ആക്ഷൻ പ്ലാൻ പരിഷ്കരണം ആരംഭിച്ചു, വെള്ളായണി ശുദ്ധജല തടാകത്തിനായുള്ള **Integrated Management Plan** തയ്യാറാക്കുന്നതിനുള്ള പ്രാഥമിക വിവര ശേഖരണം ആരംഭിച്ചു, റാംസർ പട്ടികയിൽ നാല് തണ്ണീർത്തടങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സംസ്ഥാന വെറ്റ്ലാൻഡ് അതോറിറ്റി കേരളം സ്വീകരിച്ചു. ഇതിന്റെ ഭാഗമായി, ആക്കുളം-വേളി, വെള്ളായണി തടാകം, കോട്ടൂളി, കാട്ടമ്പള്ളി-വളപട്ടണം-കുപ്പം തണ്ണീർത്തട സമുച്ചയം എന്നിവയുടെ കരട് **Ramsar Information Sheets (RIS)** പൂർത്തിയായി. മേൽപ്പറഞ്ഞ **R I S** അതോറിറ്റിയുടെ സാങ്കേതിക സമിതി അംഗീകരിക്കുകയും അതോറിറ്റി യോഗത്തിന് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.

റാംസർ തണ്ണീർത്തടങ്ങളിൽ 'വെറ്റ്ലാൻഡ് മിത്ര' ആയി രജിസ്റ്റർ ചെയ്തിട്ടുള്ള 'പൗര ശാസ്ത്രജ്ഞരുടെ' സംഭാവന ഉറപ്പാക്കുന്നതിനായി ഒരു സംയോജിത വെബ് പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചെടുത്തിട്ടുണ്ട്, മൂന്ന് റാംസർ തണ്ണീർത്തടങ്ങളുടെയും അവസാന അംഗീകൃത മാനേജ്മെന്റ് ആക്ഷൻ പ്ലാനുകൾ പ്രകാരം അഷ്ടമുടി, ശാസ്താംകോട്ട, വേമ്പനാട്-കോൾ എന്നിവിടങ്ങളിൽ **Wetland Inventory Assessment and Monitoring System (WIAMS)** പദ്ധതിയുടെ കീഴിൽ **CWRDM** തുടർച്ചയായ പ്രവർത്തനപരവും പതിവുള്ളതുമായ ജല ഗുണനിലവാര നിരീക്ഷണം നടത്തുന്നു. **WIAMS** വെബ് പോർട്ടലിൽ ഡാറ്റ ഇതിനകം അപ്ലോഡ് ചെയ്തിട്ടുണ്ട്. ഇത് വ്യത്യസ്ത പങ്കാളികൾക്കും പൊതുജനങ്ങൾക്കും വൈകാതെ ലഭ്യമാക്കും. ഫലങ്ങളുടെ അടിസ്ഥാനത്തിൽ, **CWRDM** ഒരു മലിനീകരണ ലഘൂകരണ പദ്ധതിയും തയ്യാറാക്കുന്നു.

മൂന്ന് റാംസർ തണ്ണീർത്തടങ്ങൾക്കുമായി മണ്ണ് സർവേ, മണ്ണ് സംരക്ഷണ വകുപ്പ് മുഖേനയുള്ള നീർത്തട സംരക്ഷണ നടപടികൾ ആരംഭിച്ചിട്ടുണ്ട്, അവ വിജയകരമായി പുരോഗമിക്കുന്നു, കേരള കാർഷിക സർവകലാശാലയ്ക്ക് നൽകിയിട്ടുള്ള മൂന്ന് റാംസർ സൈറ്റുകളിലെ ജലപക്ഷി സെൻസസ് പദ്ധതിയുടെ ഡാറ്റ **W I A M S** വെബ് പോർട്ടലിലും ലഭ്യമാകും.

വേമ്പനാട്-കോൾ തണ്ണീർത്തട സമുച്ചയത്തിലെ ഹൗസ് ബോട്ട് അപ്ഗ്രഡേഷൻ പദ്ധതി (ഡീസൽ എഞ്ചിൻ ഹൈബ്രിഡ് എഞ്ചിനാക്കി മാറ്റൽ) **SWAK**, ആലപ്പുഴയിലെ **Kerala House Boat Owners Association (KHBOA)** നിന്ന് ആവശ്യപ്പെട്ടു. **2024** ജൂണിൽ ഒരു പൈലറ്റ് പ്രോജക്റ്റായി പദ്ധതി നിർദ്ദേശം അംഗീകരിക്കുകയും വേമ്പനാട്-കോൾ തണ്ണീർത്തട സമുച്ചയത്തിന്റെ അംഗീകൃത മാനേജ്മെന്റ് ആക്ഷൻ പ്ലാനിന്റെ **(MAP)** ഭാഗമായി പദ്ധതി നടപ്പിലാക്കുകയും ചെയ്തു. 'വേമ്പനാട് അഴിമുഖത്തിന് സുസ്ഥിരമായ കക്ക കൃഷിയും മെച്ചപ്പെട്ട ഉപജീവനമാർഗ്ഗവും' പദ്ധതി **CERC-ATREE**-യെ ഏൽപ്പിക്കുകയും വേമ്പനാട്-കോൾ തണ്ണീർത്തട സമുച്ചയത്തിന്റെ അംഗീകൃത **Management Action Plan (MAP)** ന്റെ ഭാഗമായി നടപ്പിലാക്കുകയും ചെയ്തു. കക്ക പുനർവിതരണ സംരംഭം, മുള തടസ്സങ്ങൾ സ്ഥാപിക്കൽ, അവബോധം സൃഷ്ടിക്കൽ, കക്ക മൂല്യവർദ്ധനവിനെക്കുറിച്ചുള്ള പരിശീലനം, കായലിൻറ്റെ അടിഭാഗത്തെ അവശിഷ്ട/ചെളിത്തട്ടിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണം, പുനരുപയോഗം എന്നിവയായിരുന്നു പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ.

അഷ്ടമുടി കായലിന്റെ ഓരങ്ങളിലെ, കയർപിത്തിൽ നിന്നും ലിഗ്നിൻ വീണ്ടെടുക്കൽ, മാലിന്യ സംസ്കരണത്തിന്റെ സ്ഥലത്തെ രീതി, പുനരുപയോഗം എന്നിവ **FERI Trust** വഴി നടപ്പാക്കി, മൺറോത്തുരുത്ത് കൃഷി ഓഫീസ്, മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത് എന്നിവ വഴി കാലാവസ്ഥയെ പ്രതിരോധിക്കുന്ന കൃഷിരീതി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നടപ്പാക്കി, 'അഷ്ടമുടി അഴിമുഖത്തെ സുസ്ഥിര മത്സ്യബന്ധനത്തിനായുള്ള പെരുമാറ്റച്ചട്ടം' എന്ന വിഷയത്തിൽ **Kerala State Coastal Area Development Corporation (KSCADC)** യുമായി സഹകരിച്ച് നടത്തിയ മൂന്ന് ദിവസത്തെ വർക്ക്ഷോപ്പ് വിജയകരമായി പൂർത്തിയാക്കി.

**2017** ലെ തണ്ണീർത്തട ചട്ടങ്ങൾ പാലിച്ചും ബഹുമാനപ്പെട്ട എൻ.ജി.ടി.(പി.ബി)യുടെ ഒ.എ. **147/2022** ലെ ഉത്തരവുകൾ പാലിക്കാനും കൊല്ലം മുനിസിപ്പൽ കോർപ്പറേഷനോട് നിർദ്ദേശിച്ചു. അഷ്ടമുടി റാംസർ തണ്ണീർത്തടത്തിന്റെ ആശ്രാമം പ്രദേശത്തിനടുത്തുള്ള ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്ന കാര്യത്തിൽ കൊല്ലം മുനിസിപ്പൽ കോർപ്പറേഷന്റെ അഷ്ടമുടി ജലാശയത്തിന്റെ പുനരുജ്ജീവനം ഒരു പ്രധാന ഇടപെടലാണ്. സംസ്ഥാന വെറ്റ്ലാൻഡ് അതോറിറ്റിയിലെ ഉദ്യോഗസ്ഥർ അഷ്ടമുടിയിലെ ആശ്രാമം പ്രദേശം സന്ദർശിക്കുകയും തണ്ണീർത്തടത്തിലെ പദ്ധതിയുടെ ഭൗതിക പുരോഗതി നിരീക്ഷിക്കുകയും ചെയ്തു. ആശ്രാമം ലിങ്ക് റോഡിന് സമീപമുള്ള ചെളിയും മാലിന്യ വസ്തുക്കളും സിൽറ്റ് പുഷർ ഉപയോഗിച്ച് നീക്കം ചെയ്തു, ചട്ടങ്ങൾ പ്രകാരം തണ്ണീർ ത്തടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ തണ്ണീർത്തടങ്ങൾക്ക് സമീപമുള്ള എല്ലാ തദ്ദേശ സ്വയംഭരണ സർക്കാരുകൾക്കും നിർദ്ദേശം നൽകി. കേരള സർവകലാശാല, കാര്യവട്ടം കാമ്പസ്, തിരുവനന്തപുരവുമായി സഹകരിച്ച് **2025** ലെ ലോക തണ്ണീർത്തട ദിനം ആചരിച്ചു.

**2024-25** സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി **150** ലക്ഷം രൂപ നീക്കി വെച്ചെങ്കിലും ഈ തുക ലഭ്യമായിട്ടില്ല. പ്രസ്തുത ശീർഷകത്തിൽ **2017-18** ൽ അനുവദിച്ച തുകയായ **345.125** ലക്ഷം രൂപയിൽ നിന്നും നീക്കിയിരിപ്പു തുക തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ ഉപയോഗിച്ചു വരുന്നു. ഇപ്രകാരം **2024-25** സാമ്പത്തിക വർഷത്തിൽ **1,27,31,800/-** രൂപ ചെലവഴിച്ചിട്ടുണ്ട്.

**DIRECTOR**